**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3329** **26-06-2024 - ൽ മറുപടിയ്ക്ക്**

**കാസഗോഡ് ജില്ലയിലെ ബിരിക്കുളം എ.യു.പി. സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബിരിക്കുളം എ.യു.പി. സ്കൂൾ സർക്കാർ തലത്തിലാണോ എയ്ഡഡ് തലത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | എയ്ഡഡ് സ്കൂൾ തലത്തിൽ. |
| (ബി) | ഈ സ്കൂൾ സ്ഥാപിതമായത് ഏത് വർഷത്തിലാണെന്നും ഇത് സ്ഥാപിച്ചത് ആരാണെന്നും വ്യക്തമാക്കാമോ; | (ബി) | 1951 - ൽ നാട്ടുകാരുടെ കമ്മിറ്റിയാണ് സ്ഥാപിച്ചത്. |
| (സി) | തുടക്കത്തിൽ എത്ര കുട്ടികളും ജീവനക്കാരുമാണ് ഇവിടെ ഉണ്ടായിരുന്നതെന്നും യു.പി. സ്കൂളായി മാറ്റിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ഈ സ്കൂളിൽ ഇപ്പോഴുള്ള ജീവനക്കാരുടെയും കുട്ടികളുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | തുടക്കത്തിൽ 4 അധ്യാപകർ, 80 കുട്ടികൾ വീതം ഉണ്ടായിരുന്നു. 1956 ൽ യു.പി ആയി ഉയർത്തപ്പെട്ടു. നിലവിൽ 10 അദ്ധ്യാപകർ, 1 ഓഫീസ് അറ്റൻഡന്റ് ,197 കുട്ടികൾ എന്നിവർ ഉണ്ട്. |
| (ഡി) | കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ സ്കൂളിൽ എത്ര അദ്ധ്യാപകരെ നിയമിച്ചുവെന്നും അവരുടെ നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇപ്പോൾ ഈ സ്കൂളിൽ അധ്യാപകരുടെ ഒഴിവുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കാലമായി ഈ ഒഴിവ് നികത്തപ്പെടാതെ കിടക്കുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഒരു തസ്തികയിൽ നിയമനം നടന്നിട്ടുള്ളതും നിയമന അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. നിലവിൽ ഒഴിവ് ഇല്ല. |
| (ഇ) | ഈ സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റാണോ ഇൻഡിവിജ്വൽ മാനേജ്മെന്റാണോ എന്നും മാനേജർ ആരാണെന്നും വ്യക്തമാക്കാമോ; | (ഇ) | കിനാനൂർ II ഗ്രാമ സേവ സംഘം ട്രസ്റ്റിന്റെ കീഴിലുള്ള ഈ സ്കൂളിൽ സംഘം പ്രസിഡന്റ് ആണ് മാനേജർ. |
| (എഫ്) | എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഈ സ്കൂൾ തുടങ്ങിയതെന്നും ഇപ്പോൾ എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധിയുണ്ടോ എന്നും എങ്കിൽ എപ്പോഴാണ് വിധി വന്നതെന്നും വിധിക്ക് | (എഫ്) | സർക്കാർ സ്കൂളിന് വേണ്ടി റിസർവ് ചെയ്ത 4 ഏക്കർ സ്ഥലത്താണ് സ്കൂൾ തുടങ്ങിയത്. പിന്നീട് മാനേജ്മെൻറ് വാങ്ങിയ 26 സെന്റ് സ്ഥലവും ചേർത്ത് ആകെ 4 ഏക്കർ 26 സെന്റ് ഭൂമിയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കിനാനൂർ II ഗ്രാമ സേവാസംഘം ട്രസ്റ്റിനാണ് നിലവിൽ സ്കൂളിന്റെ ഉടമസ്ഥാവകാശം. സ്കൂൾ സർക്കാർ |

| | | | |
|---|---|---|---|
| | ആധാരമായ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | | ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധി നിലവിൽ ഇല്ല. |
| (ജി) | ഹൈക്കോടതി വിധി പ്രകാരം ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുമോ എന്നും എപ്പോഴാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ജി) | സർക്കാർ സ്കൂളിന് വേണ്ടി റിസർവ് ചെയ്ത 4 ഏക്കർ സ്ഥലത്താണ് സ്കൂൾ തുടങ്ങിയത്. പിന്നീട് മാനേജ്മെൻറ് വാങ്ങിയ 26 സെന്റ് സ്ഥലവും ചേർത്ത് ആകെ 4 ഏക്കർ 26 സെന്റ് ഭൂമിയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കിനാനൂർ II ഗ്രാമ സേവാസംഘം ട്രസ്റ്റിനാണ് നിലവിൽ സ്കൂളിന്റെ ഉടമസ്ഥാവകാശം. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധി നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ